<u>പതിമൂന്നാം കേരള നിയമസഭ</u>

<u>രണ്ടാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2853</u>

12.10.2011-ൽ
<u>മറുപടിക്ക്.</u>

## <u>പുരാവസ്തുക്കളുടെ സംരക്ഷണം</u>

<u>ചോദ്യം</u>

ശ്രീ. റ്റി.യു. കുരുവിള

<u>മറുപടി</u>

ശ്രീ. കെ.സി. ജോസഫ്
(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പുരാതന കാലം മുതൽ ഉള്ളതായ സംരക്ഷിക്കപ്പെടാതെ കിടക്കുന്ന പുരാവസ്തുക്കൾ സംരക്ഷിക്കുന്നതിലേക്ക് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(എ) സംരക്ഷിക്കപ്പെടാതെ കിടക്കുന്ന പുരാതന സ്മാരകങ്ങൾ, പുരാതന കെട്ടിടങ്ങൾ, പുരാവസ്തു പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ അവയുടെ റവന്യൂ വിശദവിവരം, പ്ലാൻ, സ്കെച്ച് മുതലായവ ലഭ്യമാക്കി അതിന്റെയടിസ്ഥാനത്തിൽ സംരക്ഷിതസ്മാരകമായി സംരക്ഷിക്കുന്നു. എക്സ്കവേഷൻ മുഖേന ലഭിക്കുന്ന പുരാവസ്തുക്കൾ, വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന പുരാവസ്തുക്കൾ എന്നിവ ശാസ്ത്രീയമായി സംരക്ഷിക്കുന്നു.

(ബി) പുരാവസ്തുക്കൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ഇതിലേക്ക് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) അപേക്ഷകൾ ലഭ്യമാകുമ്പോൾ വകുപ്പിൽ നിന്നും ഉദ്യോഗസ്ഥരെ നിയമിച്ച് വിശദമായ അന്വേഷണം നടത്തിയ ശേഷം, സംരക്ഷിക്കേണ്ടതാണെന്ന് കണ്ടാൽ അതിനുള്ള നടപടി കൈക്കൊള്ളുന്നു.

(ഡി) പെരിയാറിന്റെ തീരത്തെ പുരാവസ്തുക്കൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 2007-ൽ നൽകിയിരുന്ന അപേക്ഷയിൽ (ഫയൽ നമ്പർ 3846/ബി 1/കാഡ്/2007) ഉത്തരവ് ഉണ്ടാകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

(ഡി) പെരിയാർ തീരത്തെ ചരിത്ര സ്മാരകങ്ങളായ ആറാട്ടുചിറ, അമ്പലച്ചിറ എന്നിവയുടെ റവന്യൂ വിശദവിവരം, സ്കെച്ച്, പ്ലാൻ എന്നിവ ലഭ്യമായിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയതുകൂടി ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് സംരക്ഷിക്കപ്പെടേണ്ടതാണെന്ന് ബോദ്ധ്യം വന്നാൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ